# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.460

## 08-08-2017 ൽ മറുപടിക്ക്

### നടപ്പുസാമ്പത്തിക വർഷം കിഫ്ബി മുഖാന്തരമുള്ള പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ)2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് 31.7.2017 വരെ എത്രതുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഈ സാമ്പത്തിക വർഷം ഇത്തരത്തിൽ ആകെ എത്ര തുക ചെലവഴിക്കാനാകും എന്ന് കണക്കാക്കിയിട്ടുണ്ടോ? | കിഫ് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ഓൺ ലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്ട് പേയ്മെന്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ നൂതന സംവിധാനമനുസരിച്ചുള്ള തുടർ നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കി, പ്രവൃത്തികൾ ആരംഭിച്ച് ബില്ലുകൾക്കനുസൃതമായ പേയ്മെന്റ് ഇൻവോയിസുകൾ കിഫ്ബിക്ക് ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് റിലീസ് ആരംഭിക്കുന്നതാണ്. ഇതുവരെ പേയ്മെന്റ് ഇൻവോയിസുകൾ കിഫ്ബിക്ക് ലഭിച്ചു തുടങ്ങിയിട്ടില്ല. കിഫ്ബി പദ്ധതികൾ വളരെ വിപുലമായ പദ്ധതികളാകയാൽ ആവശ്യമായ അനുമതികൾ ലഭിച്ചതിനു ശേഷം അവയുടെ നിർവ്വഹണ സംവിധാനം ഏർപ്പെടുത്തി പ്രവൃത്തികൾ ആരംഭിക്കുവാൻ ചുരുങ്ങിയത് 6 – 7 മാസം വരെ സമയം ആവശ്യമാണ്. ഇക്കാരണത്താലാണ് ഫണ്ട് റിലീസ് ആരംഭിച്ചിട്ടില്ലാത്തത്. എന്നാൽ പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞാൽ സമയ ബന്ധിതമായി നിർവ്വഹണം സാദ്ധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ